**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 479** **02-02-2023 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ ചെമ്പൂച്ചിറ ജി.എച്ച്.എസിന്റെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ ചെമ്പൂച്ചിറ ഗവൺമെന്റ് എച്ച്.എസിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടി രൂപയുടെ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി 'കൈറ്റ്' മേൽനോട്ടം നിർവ്വഹിച്ച് നടത്തുന്ന പ്രവർത്തികൾക്കൊപ്പം മണ്ഡലം ആസ്തിവികസന ഫണ്ടിൽ നിന്നും 81 ലക്ഷം രൂപ അനുവദിച്ച് കെട്ടിടനിർമ്മാണം നടത്തുന്നതിനായി നിശ്ചയിച്ചിരുന്നുവെങ്കിലും, ടെണ്ടർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയതായി പി.എം.സിയായ ഡബ്ല്യൂ.എ.പി.സി.ഒ.എസ് (വാപ്കോസ്) അറിയിക്കുകയും ബാക്കിപ്രവൃത്തികൾ ഏറ്റെടുക്കാൻ കഴിയില്ലെന്ന് 'കൈറ്റ്' നിലപാടെടുക്കുകയും ചെയ്തതിനാൽ ആസ്തി വികസന ഫണ്ടായ 81 ലക്ഷം രൂപ തിരികെ നൽകുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (എ) | പുതുക്കാട് മണ്ഡലത്തിലെ ചെമ്പൂച്ചിറ ഗവൺമെൻറ് എച്ച്.എസ്.എസിന്റെ പ്രവർത്തി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ടി സ്കൂൾ കിഫ്ബി ഫണ്ടായ 3 കോടി രൂപ ഉപയോഗപ്പെടുത്തി പദ്ധതി നിർവ്വഹണ ഏജൻസിയായ കൈറ്റ് വഴിയാണ് പൂർത്തികരിച്ചത്. മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 81 ലക്ഷം രൂപ കിഫ്ബിയിൽ ലഭ്യമായിട്ടുണ്ട്. ടി തുക പ്രസ്തുത പദ്ധതിയ്ക്ക് ഉപയോഗപ്പെടുത്തേണ്ടതില്ലാത്ത പക്ഷം, തിരികെ നൽകാനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ